II ഇ.ബി. XII- കേരള നിയമസഭ/XIV-20

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**ചോദ്യോത്തരങ്ങൾ – സംഗ്രഹം**

2010 മാർച്ച് 30, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

63(*601) ഇ-ടെൻഡറിംഗ് സമ്പ്രദായം

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) നൽകിയ മറുപടിയിൽ, കേരള സുസ്ഥിര നഗര വികസന പദ്ധതി (KSUDP), സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കേരള വാട്ടർ അതോറിറ്റി എന്നിവിടങ്ങളിൽ ഇ-ടെൻഡറിംഗ് നടപ്പാക്കിയിട്ടുണ്ടെന്നും കൂടാതെ തിരുവനന്തപുരം, കൊച്ചി നഗരസഭകളിൽ നടപ്പാക്കിവരുന്ന ജവഹർലാൽ നെഹ്റു നഗര പുനരുദ്ധാരണ പദ്ധതി (JNNURM) പ്രകാരമുള്ള ദർഘാസുകളും ഇ-ടെൻഡർ സംവിധാനത്തിലൂടെ നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഈ സ്ഥാപനങ്ങളിൽ ഇ-ടെൻഡറിംഗ് നടപ്പാക്കുന്നതിനാവശ്യമായ സാങ്കേതിക സഹായം നൽകിവരുന്നത് കർണ്ണാടക സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെലവപ്മെന്റ് കോർപ്പറേഷൻ (KEONICS) ആണ്. ഇ-ടെൻഡറിംഗ് നടപ്പാക്കിയതിലൂടെ കൂടുതൽ മത്സരാധിഷ്ഠിത ദർഘാസുകൾ

ലഭ്യമാക്കുന്നതിനും സുതാര്യമായ രീതിയിലും കുറഞ്ഞ സമയത്തിനുള്ളിലും കുറഞ്ഞ ചെലവിലും പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനും ദർഘാസുകൾ പ്രോസസ്സ് ചെയ്യുന്നതിനും കഴിഞ്ഞിട്ടുണ്ട്. KSUDP പദ്ധതിയിലെ 32-ഓളം ടെൻഡർ നടപടികൾ ഈ സംവിധാനത്തിലൂടെ പൂർത്തീകരിച്ചിട്ടുണ്ട്. KWA -യിൽ ഇ-ടെൻഡറിംഗ് ഏർപ്പെടുത്തിയശേഷം ടെൻഡർ നടപടികൾ പൂർത്തിയാക്കുവാനുള്ള കാലതാമസം ഒരു പരിധിവരെ കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. യഥാർത്ഥ താല്പര്യമുള്ള കരാറുകാർ മാത്രം ടെൻഡറിൽ പങ്കെടുക്കുന്നതിനാൽ ടെൻഡറുകൾക്ക് മത്സര സ്വഭാവം കൈവരികയും ടെൻഡർ തുറക്കുന്ന സമയംവരെ ടെൻഡറിന്റെ രഹസ്യ സ്വഭാവം കാത്തുസൂക്ഷിക്കുവാനും സുതാര്യത ഉറപ്പുവരുത്തുന്നതിനും നിരക്കുകൾ താരതമ്യം ചെയ്യാനാവശ്യമായ സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കാനും പരസ്യക്കൂലി കുറയ്ക്കുവാനും ടെൻഡർ തുറക്കുവാനുള്ള കാലതാമസം കുറയ്ക്കാനും വിജയികളായ കരാറുകാർക്ക് പർച്ചേസ് ഓർഡർ വേഗത്തിൽ നൽകുവാനും ഡിജിറ്റൽ കയ്യൊപ്പ് നിർബന്ധമാക്കുന്നതുമൂലം കരാറുകാരെ തിരിച്ചറിയുന്നതിനും ബിനാമികളെ ഒഴിവാക്കാനും കഴിയുന്നുണ്ട്. NEGP പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഇ-പ്രൊക്യൂർമെന്റ് പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്കായി കേന്ദ്രഗവൺമെന്റ് NISG-യെ കൺസൾട്ടന്റായി നിയമിക്കുകയും കൺസൾട്ടൻസി ചെലവ് കേന്ദ്രസർക്കാർ വഹിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാർ ആരംഭിക്കുന്ന ഇ-പ്രൊക്യൂർമെന്റ് പദ്ധതിയുടെ നടത്തിപ്പിന് സാങ്കേതിക സഹായം നൽകുന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുന്നതിനുള്ള ടെൻഡറിംഗ് നടപടി

നടന്നുകൊണ്ടിരിക്കുകയാണ്. ഐ.ടി. വകുപ്പിന്റെ മേൽനോട്ടത്തിൽ കേരളത്തിലെ എല്ലാ സർക്കാർ വകുപ്പുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഉപയോഗിക്കാവുന്ന രീതിയിൽ ഇ-ഗവൺമെന്റ് പ്രൊക്യുർമെന്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. 23-10-2009-ലെ ഉത്തരവ് പ്രകാരം ഈ പദ്ധതി നടത്തിപ്പിനാവശ്യമായ നടപടിക്രമങ്ങൾ അംഗീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത്, സ്റ്റേഷനറി, കെ.എസ്.ആർ.ടി.സി., കെൽട്രോൺ എന്നിവിടങ്ങളിൽ ഒന്നാംഘട്ടത്തിലും ഇറിഗേഷൻ, പോലീസ്, കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ, കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവിടങ്ങളിൽ രണ്ടാംഘട്ടത്തിലും തുടർന്ന് പി.ഡബ്ല്യു.ഡി. അടക്കമുള്ള മറ്റ് വകുപ്പുകളിലേയ്ക്കും ഈ പദ്ധതി വ്യാപിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ഇ-ടെൻഡർ സംവിധാനം നടപ്പാക്കിയ സ്ഥാപനങ്ങളിൽ സ്റ്റോർ പർച്ചേസ് മാന്വൽ കാലോചിതമായി പരിഷ്ക്കരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്നും പല വകുപ്പുകളിലും വെബ്സൈറ്റ് അപ്ഡേറ്റ് ചെയ്യാത്തതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണെന്നും ഔദ്യോഗിക ആശയവിനിമയത്തിന് ഉന്നത ഉദ്യോഗസ്ഥർ ഇ-മെയിൽ സംവിധാനം ഉപയോഗപ്പെടുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

64(*602) വനവിസ്തൃതിക്കനുസൃതമായി വനപാലകരുടെ എണ്ണം നിർണ്ണയിക്കാൻ നടപടി

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) നൽകിയ മറുപടിയിൽ, വനവിസ്തൃതിയും വനങ്ങളുടെ പ്രത്യേകതയും ഓരോ സ്ഥലത്തുള്ള സംരക്ഷണ പ്രശ്നങ്ങളുടെ സ്വഭാവവും ഗൗരവവും വനവികസന പ്രവർത്തനങ്ങളുടെ അളവും കണക്കിലെടുത്താണ് വനപാലകരുടെ തസ്തികകൾ വിന്യസിച്ചിട്ടുള്ളതെന്ന് സഭയെ അറിയിച്ചു. വനസംരക്ഷണത്തിന്റെ പ്രാധാന്യവും നിലവിലുള്ള വനസംരക്ഷണ പ്രശ്നങ്ങളും വനപരിപാലന പ്രവർത്തനങ്ങളും പങ്കാളിത്ത വനപരിപാലന പദ്ധതികളും സാമൂഹ്യ വനവൽക്കരണ പദ്ധതികളും ജൈവ വൈവിദ്ധ്യ സംരക്ഷണ പ്രവർത്തനങ്ങളും വനവികസന പ്രവർത്തനങ്ങളും വനാശ്രിത സമൂഹങ്ങളുടെ ജീവനോപാധി വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികളും കണക്കിലെടുക്കുമ്പോൾ ഇപ്പോഴുള്ള വനപാലകരുടെ എണ്ണം താരതമ്യേന കുറവായതുകൊണ്ട് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കൂടുതൽ വനപാലകരെ നിയമിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. ഫോറസ്റ്റ് ഗാർഡുകളുടെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനും അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത പ്ലസ് ടു ആയി ഉയർത്തുന്നതിനും കേരള സർവ്വീസ് റൂൾസും സബോർഡിനേറ്റ് സർവ്വീസ് റൂൾസും പരിഷ്ക്കരിക്കാനും നപടികളെടുത്തുവരികയാണ്. അടുത്ത ശമ്പള പരിഷ്ക്കരണ കമ്മീഷൻ റിപ്പോർട്ട് പ്രാവർത്തികമാകുമ്പോൾ ഫോറസ്റ്റ് ഗാർഡുകളുടെ ശമ്പള സ്കെയിലിലുള്ള അപാകത പരിഹരിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്. വനപാലകരുടെ ട്രാൻസ്ഫർ ആന്റ് പോസ്റ്റിംഗ്സ് വളരെ സുതാര്യമായ

രീതിയിലാണ് നടക്കുന്നത്. വനം വകുപ്പ് ഉദ്യോഗസ്ഥരുടെ യൂണിഫോമിന്റെയും ഡേ ഓഫ് അലവൻസിന്റേയും കാര്യത്തിൽ എത്രയും വേഗം തീരുമാനമെടുക്കുന്നതാണ്. അപകടമേഖലയിൽ പണിയെടുക്കുന്ന വനപാലകർക്കുള്ള ഇൻഷ്വറൻസ് സ്കീം വിപുലപ്പെടുത്താനുള്ള നടപടികളെടുത്തുവരികയാണ്. മറയൂരിൽ ജോലി ചെയ്യുന്ന വനം വകുപ്പ് ഉദ്യോഗസ്ഥരുടെ അടിസ്ഥാന ശമ്പളത്തിന്റെ 20 ശതമാനം റിസ്ക് അലവൻസായി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. സ്തുത്യർഹ സേവനം കാഴ്ചവയ്ക്കുന്ന വനംവകുപ്പ് ഉദ്യോഗസ്ഥരെ റിവാർഡ് നൽകി ആദരിക്കുന്നതാണ്. വനസംരക്ഷണത്തിന് ആദിവാസികളുടെ സേവനം പ്രയോജനപ്പെടുത്തുന്നതാണ്. അന്യാധീനപ്പെട്ട രണ്ടായിരത്തോളം ഏക്കർ ഭൂമി തിരിച്ചുപിടിച്ച് വനമാക്കിയിട്ടുണ്ടെന്നും റിസർവ്വ് വനങ്ങളുടെ വിസ്തൃതിയിൽ പ്രകടമായ വർദ്ധനവുണ്ടായിട്ടുണ്ടെന്നും കണ്ടൽ കാടുകളുടെ സംരക്ഷണം ഗവൺമെന്റിന്റെ നയമാണെന്നും വനഭൂമി ജണ്ടയിട്ട് തിരിക്കുന്നതുമായി ബന്ധപ്പെട്ടുള്ള അന്തർ സംസ്ഥാന തർക്കങ്ങൾ പരിഹരിക്കുന്നതിന് ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുകയാണെന്നും കാട്ടുതീ അണയ്ക്കുന്നതിന് ഫയർ ലൈൻ ഉണ്ടാക്കുകയും ഡെയ്‌ലി വേജസിൽ ഫയർ വാച്ചർമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ടെന്നും പുറക്കാട്ടെ 'സ്മൃതി വനം' പദ്ധതി ഈ വർഷം പൂർത്തിയാക്കുന്നതിന് ശ്രമിക്കുന്നതാണെന്നും പൊതുമേഖലയിൽ ഒരു ചന്ദന ഫാക്ടറി ആരംഭിക്കുന്നതിന് ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന് വൺടൈം ഗ്രാന്റായി 50 ലക്ഷം രൂപ നൽകാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വന്യമൃഗങ്ങളുടെ ആക്രമണംമൂലവും

മറ്റുമുള്ള കൃഷിനാശത്തിന് നൽകിവരുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

65(*603) ഫോറസ്റ്റ് അക്കാഡമി

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇപ്പോൾ ഫോറസ്റ്റ് സ്കൂൾ സ്ഥിതി ചെയ്യുന്ന അരിപ്പയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഫോറസ്റ്റ് അക്കാദമിയും മറയൂരിൽ ചന്ദന ഫാക്ടറിയും 27 പുതിയ ഫോറസ്റ്റ് സ്റ്റേഷനുകളും ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ഫോറസ്റ്റ് അക്കാഡമി സ്ഥാപിക്കുന്നതിനുവേണ്ടി ജാപ്പനീസ് ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസിയുമായി കേന്ദ്രസർക്കാർ ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ഈ പദ്ധതി 6 മാസത്തിനകം ആരംഭിച്ച് 5 വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഫോറസ്റ്റ് അക്കാദമി നിലവിൽ വരുന്നതോടുകൂടി വനസംബന്ധമായ പരിശീലന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും വനസംരക്ഷണ പരിപാലന പ്രവർത്തനങ്ങളെ ശാസ്ത്രീയമായി ആധുനികവൽക്കരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും സാധിക്കും. ഫോറസ്റ്റ് അക്കാദമിയിൽ കൂടുതൽ ഡെപ്ത്തുള്ള കരിക്കുലം ഉൾപ്പെടുത്താനും ജൈവ വൈവിദ്ധ്യ പരിപാലനം പ്രധാന പാഠ്യവിഷയമാക്കാനും ഉദ്ദേശിക്കുന്നു. ഫോറസ്റ്റ് അക്കാഡമിയിലെ കോഴ്സുകൾ ഏതെങ്കിലും യൂണിവേഴ്സിറ്റിയുമായി ടൈ അപ് ചെയ്യാൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്. കേരള ഫോറസ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷൻ ചന്ദന ഫാക്ടറി നിലവിൽ ആരംഭിക്കുന്നതോടുകൂടി സംസ്ഥാനത്തെ വനപ്രദേശങ്ങളിലും സ്വകാര്യ ഭൂമികളിലുമുള്ള ചന്ദനത്തിന്റെ

വിപണനവും സംസ്ക്കരണവും കൂടുതൽ സുതാര്യമാക്കാനും സ്വകാര്യ ഭൂമി കളിൽ നിന്നുമുള്ള ചന്ദനത്തടിക്ക് ന്യായമായ വില ഉറപ്പാക്കാനും സാധിക്കും. ഈ ചന്ദന ഫാക്ടറിയിൽ 20 മെട്രിക് ടൺ ചന്ദനം മാത്രമാണ് പ്രതിവർഷം ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. അന്താരാഷ്ട്ര മാർക്ക റ്റിൽ ചന്ദന ഓയിലിന് ഡിമാൻഡുണ്ടാകുമെന്നും ന്യായമായ വില കിട്ടുമെന്നുമാണ് പഠനങ്ങൾ തെളിയിക്കുന്നത്. 27 ഫോറസ്റ്റ് സ്റ്റേഷനുകളിൽ ആദ്യഘട്ടത്തിൽ 12 എണ്ണമാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്. അവയിൽ 10 ഫോറസ്റ്റ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരി ച്ചുവരികയാണെന്നും കോഴിക്കോട് ഡിവിഷന്റെ കീഴിൽ തുടങ്ങാൻ ഉദ്ദേശി ക്കുന്ന രണ്ട് ഫോറസ്റ്റ് സ്റ്റേഷനുകളുടെ കെട്ടിട നിർമ്മാണത്തിന് ആവശ്യമായ ഭൂമി സ്വകാര്യ വ്യക്തികളിൽ നിന്നും പൊന്നുംവിലയ്ക്കെടുക്കുന്ന നടപടി ക്രമങ്ങൾ പുരോഗമിച്ചുവരികയാണെന്നും മന്ത്രി വ്യക്തമാക്കി. പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ നിലവിൽ വരുന്ന വനപ്രദേശങ്ങളിൽ വനസംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ സാധിക്കും. സോഷ്യൽ ഫോറസ്ട്രിയുമായി ബന്ധപ്പെട്ട് 'എന്റെ മരം' പദ്ധതി വളരെ വിജയകരമായി രുന്നുവെന്നും ഫോറസ്റ്റ് കോടതികളിൽ ഫോറസ്റ്റുമായി ബന്ധപ്പെട്ട എല്ലാ കേസ്സുകളും റിവ്യൂ ചെയ്യപ്പെടുന്നുണ്ടെന്നും ഫോറസ്റ്റ് കേസ്സുകളിന്മേൽ മഹസ്സർ തയ്യാറാക്കുന്ന ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനവും ബോധവൽക്കരണവും നൽകുന്നുണ്ടെന്നും ചന്ദനമരങ്ങളുടെ സംരക്ഷ ണവും പരിരക്ഷയും ഗവൺമെന്റിന്റെ ഉടമസ്ഥത യിലായിരിക്ക ണമെന്നുള്ളതാണ് ദേശീയ നയമെന്നും സ്വകാര്യവ്യക്തികളുടെ കൈവശമുള്ള ചന്ദനമരങ്ങളുടെ കാര്യത്തിലുള്ള നടപടിക്രമങ്ങൾ

ട്രാൻസ്പാരന്റാക്കുന്നതിന് ശ്രമിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

66(*604) പാലോട് ബൊട്ടാണിക്കൽ ഗാർഡന്റെ പ്രവർത്തനം

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, പാലോട് ബൊട്ടാണിക്കൽ ഗാർഡന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. വൈദ്യുതിയുടെ സ്ഥിരമായ അഭാവംമൂലം ഗവേഷണ പ്രവർത്തനങ്ങൾ മുടങ്ങുന്ന സാഹചര്യത്തിൽ ഗാർഡനുള്ളിൽ കേന്ദ്ര പവർ മിഷനുമായി സഹകരിച്ച് സ്വന്തമായി ഒരു ചെറുകിട ജലവൈദ്യുത പദ്ധതി തുടങ്ങുവാനും ഗാർഡനിലെ സസ്യങ്ങളേയും ഗവേഷണ പ്രവർത്തനങ്ങളേയും നിരന്തരമായി ശല്യം ചെയ്തുകൊണ്ടിരിക്കുന്ന ആന, കാട്ടുപോത്ത് തുടങ്ങിയ വന്യജീവികളെ ചെറുക്കുന്നതിനായി ബലമുള്ള ഒരു ചുറ്റുമതിൽ നിർമ്മിക്കുവാനും സസ്യസംരക്ഷണവും സുസ്ഥിര ഉപയോഗവും എന്ന ആശയം പൊതുജനങ്ങളിൽ എത്തിക്കുന്നതിനായി പൊതുജന സമ്പർക്ക പരിപാടികൾ സ്ഥിരമായി നടത്താനും കേരള ടൂറിസം വകുപ്പുമായി ചേർന്ന് ഗാർഡനെ ടൂറിസം മാപ്പിൽ ഉൾപ്പെടുത്താനും നടപടികൾ സ്വീകരിക്കുന്നുണ്ട്. സസ്യങ്ങളിലെ ഔഷധമൂല്യങ്ങൾ സംബന്ധിച്ച് ബൊട്ടാണിക്കൽ ഗാർഡന്റെ ആരംഭം മുതൽ ഗവേഷണങ്ങൾ നടന്നുവരുന്നുണ്ട്. ജീവനി, സിസറോപ്സ് തുടങ്ങിയ ഔഷധങ്ങൾ കണ്ടുപിടിച്ച് വാണിജ്യ ഉൽപ്പാദനത്തിനായി നൽകിയിട്ടുണ്ട്. നറുനീണ്ടിയിൽ നിന്നും നിർജ്ജലീകരണത്തിനും ഇലക്ട്രോലൈറ്റ് നഷ്ടത്തിനും ഉപയോഗിക്കാവുന്ന ഒരു മരുന്നിന് പേറ്റന്റ് ലഭിച്ചിട്ടുണ്ട്. മഞ്ഞപ്പിത്തം, ഡയബറ്റിക്സ് തുടങ്ങിയവയ്ക്കെതിരെ ഉപയോഗപ്രദമായേക്കാവുന്ന

മരുന്നുകളുടെ പഠനങ്ങളും നടന്നുവരുന്നു. ക്ലോറോഫില്ലിന് നീരു കുറയ്ക്കാനുള്ള ശക്തിയുണ്ടെന്ന് ആദ്യമായി റ്റി.ബി.ജി.ആർ.ഐ. കണ്ടുപിടിച്ചു. ലൈംഗികശേഷിക്കുറവിന് ഉപയോഗപ്രദമായ ഒരു മരുന്നും കണ്ടുപിടിച്ചിട്ടുണ്ട്. കേരളത്തിലെ സസ്യങ്ങളുടെ സംരക്ഷണവും സുസ്ഥിര ഉപയോഗവും മുൻനിർത്തിയുള്ള ഗവേഷണ പഠനങ്ങൾ, സസ്യങ്ങളിലെ ഔഷധമൂല്യം സംബന്ധിച്ച പഠനങ്ങൾ, സസ്യങ്ങളുടെ വർഗ്ഗീകരണം, സസ്യസംബന്ധിയായ നാട്ടറിവുകളുടെ ക്രോഡീകരണം തുടങ്ങിയ പഠനങ്ങളാണ് നടന്നുവരുന്നത്. ഗവേഷണപ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും പദ്ധതികൾക്കായി ധനസഹായം ലഭിക്കുന്നുണ്ട്. ഡിപ്പാർട്ട്മെന്റ് ഓഫ് ബയോടെക്നോളജി, ഡിപ്പാർട്ട്മെന്റ് ഓഫ് സയൻസ് ടെക്നോളജി, സി.എസ്.ഐ.ആർ., ഐ.സി.എം.ആർ., കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയം തുടങ്ങിയ ഏജൻസികളിൽ നിന്നും 2009-2010-ൽ 15 ഗവേഷണ പദ്ധതികളിലായി 1,07,65,932 രൂപയുടെ ധനസഹായം ലഭിച്ചിട്ടുണ്ട്. വംശനാശം നേരിടുന്ന സസ്യജാലങ്ങളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി അവയുടെ വിപുലമായ സംരക്ഷണ കേന്ദ്രങ്ങൾ ഗാർഡനുള്ളിൽ പ്രവർത്തിച്ചുവരുന്നു. ഇവയിൽ അത്യപൂർവ്വമായവയെ ഉൽപ്പാദിപ്പിച്ച് വനം വകുപ്പിന്റെ സഹായത്തോടുകൂടി പുനരധിവസിപ്പിക്കുന്ന പദ്ധതികൾ നടന്നുവരുന്നുവെന്നും അപൂർവ്വ സസ്യങ്ങളുടെ ഫീൽഡ് ബാങ്ക്, ജീൻ ബാങ്ക്, ക്രയോ ബാങ്ക് തുടങ്ങിയവയും സ്ഥാപിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പാലോട് ബൊട്ടാണിക്കൽ ഗാർഡനിൽ പുതിയ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുന്നതാണെന്നും സംസ്ഥാനത്ത് പുതിയ ഗവേഷണ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന്

കേന്ദ്രസർക്കാരിന്റെ സഹായം തേടാവുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്ന മിടാത്ത 4857 മുതൽ 5031 വരെയുള്ള ചോദ്യങ്ങളിൽ 77 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)